**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5503** **15-03-2023 - ൽ മറുപടിയ്ക്ക്**

**സ്പീഡ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകളും പിഴയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. കെ. ബഷീർ** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | 675 ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. |
| (ബി) | ഇവ സ്ഥാപിക്കുന്നതിനായി എത്ര തുകയാണ് ചെലവ് വന്നിട്ടുള്ളതെന്ന് അറിയിക്കുമോ; | (ബി) | ക്യാമറകളും അതിനോടനുബന്ധിച്ച് കൺട്രോൾ റൂമുകളും സ്ഥാപിച്ചതിന് 165,89,71,150/- രൂപ (നൂറ്റി അറുപത്തിയഞ്ച് കോടി എൺപത്തിഒമ്പത് ലക്ഷത്തി എഴുപത്തിയൊന്നായിരത്തി ഒരുനൂറ്റി അമ്പത് രൂപ) ചെലവായിട്ടുണ്ട്. കെൽട്രോൺ ചെലവാക്കിയ പ്രസ്തുത തുക 5 വർഷ കാലാവധിയിൽ 20 തുല്യ ത്രൈമാസ ഗഡുക്കളായിട്ടാണ് സർക്കാർ നൽകേണ്ടത്. |
| (സി) | പ്രസ്തുത ക്യാമറകൾ വഴിയായി നാളിതുവരെ എത്ര നിയമലംഘനങ്ങൾക്ക് കേസെടുത്തിട്ടുണ്ടെന്നും നാളിതുവരെയായി എത്ര തുക പിഴയായി ഈടാക്കിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ; | (സി) | ക്യാമറകളും കൺട്രോൾ റൂമുകളും സ്ഥാപിച്ചുവെങ്കിലും ആയത് പ്രവർത്തന ക്ഷമമായിട്ടില്ല. |
| (ഡി) | മോട്ടോർ വാഹന വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് എത്ര സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ടെന്നും ഇവയിൽ എത്രയെണ്ണം നിലവിൽ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; ഈ ക്യാമറകൾ വഴി നാളിതുവരെ ഈടാക്കിയ പിഴ തുകയും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 181 സ്പീഡ് ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്. അതിൽ 54 എണ്ണം നിലവിൽ പ്രവർത്തനക്ഷമമാണ്. ഈ ക്യാമറകൾ വഴി നാളിതുവരെ 123,71,86,600/- രൂപ (നൂറ്റി ഇരുപത്തിമൂന്ന് കോടി എഴുപത്തി ഒന്ന് ലക്ഷത്തി എൺപത്തിയാറായിരത്തി അറുന്നൂറ് രൂപ) പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ